

തിരുവാർപ്പ് സമരഭൂമി

# തിരുവാർപ്പ് സമരം നവോത്ഥാന ചരിത്രത്തിലെ നാഴികക്കല്ല്




**എൻ. ഗംഗാധരൻ കോട്ടൂർ**
(ടി.കെ. മാധവന്റെ ചെറുമകൻ)
സെക്രട്ടറി
ടി.കെ. മാധവൻ ഫൗണ്ടേഷൻ



വസ്തുതകളെ അതിന്റെ തനിമയോടെ അവതരിപ്പിക്കുക എന്നുള്ളതാണ് ഒരു ചരിത്രകാരന്റെ കടമ. അതിന്റെ വ്യാഖ്യാനങ്ങളും വീക്ഷണങ്ങളും വായനക്കാരന്റെ സ്വാതന്ത്ര്യമാണ്. നമ്മുടെ ചരിത്രത്തിൽ നിരവധി സംഭവബഹുലമായ ഏടുകൾ ഇത്തരത്തിൽ ശ്രദ്ധിക്കപ്പെടാതെ മാഞ്ഞുപോയിട്ടുണ്ട്. അതിലൊന്നാണ് ഇപ്പോൾ 90-ാം വാർഷികം ആഘോഷിക്കുന്ന തിരുവാർപ്പ് സമരം.

അയിത്തത്തിന്റെയും ജാതിയുടെയും അറകൾക്കുള്ളിൽ സ്വന്തമായ ഒരു ലോകം സൃഷ്ടിച്ച് ജീവിതം കഴിച്ചുകൂട്ടിയ ഒരു ജനത സ്വാതന്ത്ര്യത്തിന്റെയും സമത്വത്തിന്റെയും സാഹോദര്യത്തിന്റെയും വെളിച്ചം അറിഞ്ഞുതുടങ്ങിയത് ശ്രീനാരായണഗുരുദേവന്റെ അരുവിപ്പുറം പ്രതിഷ്ഠയോടുകൂടെയാണ്. 1888 ൽ ഈ പ്രതിഷ്ഠയിലൂടെ നൂറ്റാണ്ടുകളായി നിലനിന്നിരുന്ന ഇരുണ്ട കാലഘട്ടത്തെ നേരിട്ടുവെല്ലുവിളിക്കുകയായിരുന്നു അദ്ദേഹം ചെയ്തത്. ഇത് ബഹുഭൂരിപക്ഷംവരുന്ന ഒരു ജനതയുടെ ആത്മാഭിമാനവും സ്വാതന്ത്ര്യതൃഷ്ണയും തൊട്ടുണർത്തി. തുടർന്ന് ഒരു വലിയ സമരപരമ്പര തന്നെ അത് സൃഷ്ടിച്ചു. അതിൽ പ്രധാനപ്പെട്ട ഒരു സംഭവമാണ് 1927 ൽ നടന്ന തിരുവാർപ്പ് ലഹള എന്നറിയപ്പെടുന്ന തിരുവാർപ്പ് സഞ്ചാര സ്വാതന്ത്ര്യ സമരം.

തിരുവാർപ്പ് ശ്രീകൃഷ്ണസ്വാമിക്ഷേത്രം കോട്ടയം പട്ടണത്തിന്റെ പടിഞ്ഞാറുഭാഗത്ത് സ്ഥിതിചെയ്യുന്നു. തൊട്ടുകൂടായ്മയും തീണ്ടിക്കൂടായ്മയും ദൈവീക ആചാരമായി നിലനിന്നിരുന്നകാലത്ത് ഈ ക്ഷേത്രത്തിനു അടുത്തുള്ള വഴികൾ അവർണ്ണർ എന്നു വിളിക്കപ്പെട്ടിരുന്ന ഒരു ജനവിഭാഗത്തിന് അപ്രാപ്യമായിരുന്നു. പ്രജയിൽനിന്നും പൗരനിലേക്കുള്ള മാറ്റത്തിനായി 1924 ൽ വൈക്കത്തു നടന്ന ഐതിഹാസിക സമരത്തിന്റെ തുടർച്ചയായി നിരവധി സമരങ്ങൾക്ക് കേരളം സാക്ഷ്യംവഹിച്ചു. കൽപാത്തി അമ്പലപ്പുഴ, പറവൂർ തുടങ്ങി നിരവധി ക്ഷേത്രങ്ങളെ ചുറ്റിപ്പറ്റിയാണ് ഈ സമരപരമ്പരകൾ അരങ്ങേറിയത്. അവയിൽ എന്തുകൊണ്ടും പ്രാധാന്യം അർഹിക്കുന്ന ഒന്നാണ് 1927 ൽ തിരുവാർപ്പിൽ നടന്ന, അഭൂതപൂർവ്വമായ ജനപങ്കാളിത്തംകൊണ്ട് ശ്രദ്ധേയമായ തിരുവാർപ്പ് ലഹള. അന്ധകാരത്തിന്റെ പടുകുഴിയിൽ കഴിഞ്ഞിരുന്ന തിരുവാർപ്പിലേക്ക് സ്വാതന്ത്ര്യത്തിന്റെ വെള്ളിവെളിച്ചവുമായി ആദ്യമായി എത്തിയത് സാക്ഷാൽ ഗുരുദേവൻ തന്നെയായിരുന്നു. തന്റെ വാത്സല്യ ശിഷ്യനും ജന്മംകൊണ്ട് ഒരു സവർണ്ണനും ആയിരുന്ന സ്വാമി സത്യവ്രതനുമൊത്താണ് സ്വാമികൾ തിരുവാർപ്പ് സന്ദർശിക്കുന്നതും അവിടുത്തെ ജനങ്ങൾക്ക് സ്വാതന്ത്ര്യ ജീവിതത്തിലേക്ക് പ്രചോദനമാകുന്നതും. തുടർന്നാണ് സ്വാമി സത്യവ്രതന്റെ അദ്ധ്യക്ഷതയിൽകൂടിയ യോഗത്തിൽവച്ച് ശ്രീവിജ്ഞാനോദയം എന്ന സംഘടനരൂപീകൃതമായത്. ഈ സംഘടന തിരുവാർപ്പ് സമരത്തിനും, 1903 ൽ ആരംഭിച്ച എസ്.എൻ.ഡി.പി. യെ ഒരു ജനകീയ സമര സംഘടനയാക്കി പടുത്തുയർത്തിയ ദേശാഭിമാനി ടി. കെ. മാധവനും എല്ലാ സഹായങ്ങളും നൽകി.

സഞ്ചാര സ്വാതന്ത്ര്യസമരങ്ങൾ അവർണ്ണർ സവർണ്ണർക്ക് എതിരായി നടത്തിയ സമരങ്ങളായിരുന്നില്ല. ഒരു മനുഷ്യാവകാശ പ്രശ്നമായി ഏറ്റെടുത്ത് നിരവധി സവർണ്ണ നേതാക്കൾ ഈ സമരത്തിൽ പങ്കെടുത്ത് കഷ്ടനഷ്ടങ്ങൾ അനുഭവിച്ചിട്ടുണ്ട്. വൈക്കം സമരത്തിനു ശേഷം വിജയശ്രീലാളിതനായി തിളങ്ങിനിന്ന കാലത്ത് 1925 ൽ ടി. കെ. മാധവൻ തിരുവാർപ്പ് സന്ദർശിക്കുന്നതോടുകൂടിയാണ് അവിടെ ഒരു ഉണർവും ആവേശവും ഉണ്ടാകുന്നത്. ടി. കെ.യുടെ അദ്ധ്യക്ഷതയിൽ ആദ്യം കൂടിയ യോഗത്തിൽ തന്നെ കെ. നാരായണപണിക്കർ, സത്യവ്രതസ്വാമികൾ, കൊപ്രത്ത് ശങ്കരൻ നമ്പൂതിരി, സി. കുട്ടൻനായർ തുടങ്ങി നിരവധി സവർണ്ണനേതാക്കൾ പങ്കെടുക്കുക മാത്രമല്ല സമരത്തിന്റെ ആദ്യാവസാനം ത്യാഗോജ്ജ്വലമായ സംഭാവനകൾ നൽകുകയും ചെയ്തു എന്നുള്ളതാണ് ചരിത്രം.

സമരത്തിന് മുന്നോടിയായി ആദ്യമായി ഒരു വാളണ്ടിയർ സംഘം രൂപീകരിച്ചു. കണ്ണാറ ഗോപാലകൃഷ്ണ പണിക്കർ, സി. കുട്ടൻനായർ തുടങ്ങിയവർ ഇതിനു നേതൃത്വംനൽകി. കണ്ണാറ ഗോപാലകൃഷ്ണപ്പണിക്കരോടൊപ്പം 18 അംഗ വോളണ്ടിയർസംഘം ചെങ്ങന്നൂരിൽ നിന്നും എത്തിയിരുന്നു. വോളണ്ടിയർമാർക്ക് കൃത്യമായി പഠനക്ലാസ്സുകൾ വഴി സമരത്തിന്റെ ലക്ഷ്യത്തെപ്പറ്റിയും അക്രമരാഹിത്യത്തിൽ അടിയുറച്ച സമരരീതികളെ പറ്റിയും മനസ്സിലാക്കി കൊടുക്കുകയും ചെയ്തിരുന്നു. കേരളത്തിലെ പ്രത്യേകിച്ച് തിരുവിതാംകൂറിലെ സഞ്ചാര സ്വാതന്ത്ര്യ വിഷയത്തിൽ മഹാത്മാഗാന്ധിയുടെ ഇടപെടലുകളുടെ പ്രാധാന്യവും ദേശീയ സ്വാതന്ത്ര്യസമര പരമ്പരകളുടെ വിശദാംശങ്ങളും ജനങ്ങളോടായ് വിശദീകരിക്കുവാൻ വോളണ്ടിയർമാർക്ക് പരിശീലനം നൽകി സജ്ജമാക്കിയശേഷമാണ് നേരിട്ടുള്ള സമരം ആരംഭിക്കുന്നത്.




നിരോധിതമേഖലയിലൂടെ വള്ളത്തിൽ യാത്രചെയ്താണ് സമരം ആരംഭിക്കുന്നത്. ടി. കെ. മാധവൻ, സ്വാമി സത്യവ്രതൻ, കൊപ്രത്ത് ശങ്കരൻ നമ്പൂതിരി വൈക്കത്തുനിന്നുള്ള കെ. ആർ. നാരായണൻ എന്നിവർ വൈക്കം സത്യാഗ്രഹ വോളന്റിയർ ആയിരുന്ന തേവൻ എന്ന പുലയസമുദായംഗത്തേയും കൂട്ടിയാണ് യാത്രചെയ്തത്. തേവൻ വൈക്കം സത്യാഗ്രഹത്തിൽ അറസ്റ്റ് ചെയ്യപ്പെടുകയും ടി.കെ.യുടെ മറ്റ് സമരങ്ങളിൽ പങ്കെടുക്കുകയും ചെയ്ത മഹാനായിരുന്നു. പുലയ സമുദായാംഗത്തിന്റെ വള്ളത്തിൽകൂടെയുള്ള യാത്ര തടയാൻ പാടില്ല എന്ന നിലപാടാണ് പോലീസ് സ്വീകരിച്ചത്.

തിരുവാർപ്പ് സമരത്തിനു മുന്നോടിയായി ടി.കെ. മാധവൻ അധികാരികളുമായി ചർച്ച ആരംഭിച്ചു. ഇത് ഏകദേശം ഒരു വർഷത്തോളം നീണ്ടുപോയി. സഞ്ചാര സ്വാതന്ത്ര്യം അനുവദിക്കാൻ ഗവൺമെന്റ് തയ്യാറായില്ല പകരം ക്ഷേത്രപരിസരത്തിന്റെ വടക്കുകിഴക്കുഭാഗം രണ്ടു ഫർലോംങ് ദൂരമൊഴി ബാക്കി റോഡു മുഴുവൻ ക്ഷേത്രത്തിന്റെ ഭാഗമാക്കി അതിനുള്ളിൽ കടക്കാൻ അവകാശമുള്ള ജാതിക്കാർക്കു മാത്രമായി നിജപ്പെടുത്താമെന്ന നിർദ്ദേശമാണ് പൊന്തിവന്നത്. എന്നാൽ നേതാക്കൾ ഈ നിർദ്ദേശത്തെ അപ്പാടെ നിരാകരിക്കുകയും, അതുവരെ അഹിന്ദുക്കൾക്കുണ്ടായിരുന്ന സഞ്ചാരസ്വാതന്ത്ര്യംകൂടി ഇല്ലാതാകുന്ന ഈ നിർദ്ദേശം തള്ളിക്കളയുകയും ചെയ്തു. തുടർന്നു നിരവധി ചർച്ചകളും കൂടിയാലോചനകളും നടന്നെങ്കിലും ഒരു ഒത്തുതീർപ്പിനുള്ള സാദ്ധ്യത തീരെയില്ലാതായി.

പുതിയ നിർദ്ദേശത്തോടെ അഹിന്ദുക്കളും വൻതോതിൽ സമരത്തിന് അനുകൂലമായി വരികയുണ്ടായി. അവരുടെ നേതൃത്വത്തിൽ നിരവധി മീറ്റിംങ്ങുകളും മറ്റ് പ്രതിഷേധ പരിപാടികളും അരങ്ങേറി. ഈ അവസരത്തിലും ടി. കെ. മാധവനും സി, കുട്ടൻനായരും ദേവസ്വം അധികാരികളുമായി ചർച്ചകൾ നടത്തിവന്നിരുന്നു. 1927 ആഗസ്റ്റ് 14-ാം തീയതി ദേവസ്വം കമ്മീഷണർ ടി. കെ. മാധവന് അയച്ച ഒരു കത്തിൽ നിലവിലെ റോഡ് അടയ്ക്കുന്ന മുറയ്ക്ക് പുതിയ ഒരു റോഡ് എല്ലാവർക്കുമായി നിർമ്മിച്ചുനൽകാമെന്ന് വാഗ്ദാനം ചെയ്യുകയുണ്ടായി. ഈ വാഗ്ദാനം തൽക്കാലം സ്വീകരിക്കാൻ ആണ് നേതാക്കൾ കൂടിയാലോചിച്ച് എടുത്ത തീരുമാനമെങ്കിലും ആർക്കും ഈ നിർദ്ദേശത്തോട് യോജിപ്പുണ്ടായിരുന്നില്ല. ക്ഷേത്രം അധികാരികളുമായും യാഥാസ്ഥിതിക സവർണ്ണനേതാക്കളുമായുള്ള തർക്കം സംഘർഷരഹിതമായി പരിഹരിക്കുക എന്നുള്ളതായിരുന്നു ടി. കെ.യുടെയും കുട്ടൻനായരുടെയും ലക്ഷ്യം. എന്നാൽ ഈ പ്രക്ഷോഭത്തെയും

ജനവികാരത്തെയും കടുത്ത നടപടികളിലൂടെ നേരിടാനാണ് ഗവൺമെന്റ് തീരുമാനിച്ചത്. ടി. കെ. മാധവനെയും സി. കുട്ടൻനായരെയും കോട്ടയം ജില്ലയിൽ പ്രവേശിക്കുന്നതിൽ നിന്നും വിലക്കിക്കൊണ്ടുള്ള നിരോധനാജ്ഞ പുറപ്പെടുവിച്ചു. എന്നാൽ ക്ഷേത്ര റോഡുകളിൽ നിരോധനം ലംഘിച്ച് ജനങ്ങൾ നടന്നിരുന്ന ഒറ്റപ്പെട്ട സംഭവങ്ങൾ ഈ കാലയളവിൽ ഉണ്ടായി. ചങ്ങനാശ്ശേരിയിൽ ആയിരുന്ന ടി. കെ. മാധവൻ ഈ സമയത്ത് തിരുവാർപ്പിൽ താമസമാക്കി. ഒരുനാൾ വൈകുന്നേരം ടി. കെ. മാധവനും 50 ഓളം പേരും ചേർന്ന് നിരോധിതമേഖലയിലൂടെ ക്ഷേത്രത്തിന്റെ പടിഞ്ഞാറെ നടയിൽ എത്തി. അവിടെ ദേവസ്വം അധികൃതർ അവരെ തടഞ്ഞു. '**തടയുകയല്ലാതെ തല്ലുകയില്ലല്ലോ**' **എന്ന് മാധവൻ അധികാരികളോട് ചോദിച്ചപ്പോൾ** '**ഇല്ല**' എന്ന മറുപടിയാണ് ഉണ്ടായത്. പിറ്റേദിവസം സന്ധിചർച്ചയ്ക്കായി ടി. കെ. താമസിച്ചിരുന്ന വീട്ടിൽ വന്ന ദേവസ്വം സൂപ്രണ്ട് തുടർന്നുള്ള സമരത്തെപ്പറ്റി ആരാഞ്ഞു. എന്തു സംഭവിച്ചാലും ഞങ്ങൾ അമ്പലത്തിൽ കടക്കുമെന്നും ജയിലിൽ 45 പേർക്കുമാത്രമേ സൗകര്യമുള്ളൂവെന്നും തിരുവാർപ്പിൽ 1000 ത്തിൽ അധികംപേർ ജയിലിൽ പോകാൻ തയ്യാറായി നിൽക്കുകയാണെന്നും അറിയിച്ചു. അങ്ങനെ തിരുവാർപ്പിൽ വലിയ ഒരു ബഹുജനസമരത്തിന് കളമൊരുങ്ങി.

മതിലുകെട്ടി പൊതുവഴി ക്ഷേത്രത്തിനോടു ചേർക്കാനുള്ള ഗവൺമെന്റിന്റെയും സവർണ്ണ പ്രമാണിമാരുടേയും നിലപാടുകൾ ശക്തമായി തുടരുന്നതിനിടയിൽ സമരം അടിച്ചമർത്തുന്നതിനുള്ള നടപടികളും അവർ ആരംഭിച്ചു. എന്തുവിലകൊടുത്തും മതിലുപണിയും എന്ന വാശിയോടെ സർക്കാർ മുന്നോട്ടുപോയി. തെക്കേ ഇന്ത്യയിൽ ഖാദി പ്രചരണത്തിനായി ഗാന്ധിജി വിപുലമായ പദ്ധതികൾ തയ്യാറാക്കി, പര്യടനം ആരംഭിച്ച സമയം. അദ്ദേഹത്തിന്റെ ശ്രദ്ധ തിരുവിതാംകൂറിലെ സഞ്ചാരസ്വാതന്ത്ര്യത്തിലേക്കും തിരുവാർപ്പിലേക്കും ആകർഷിക്കാനായി അപ്പോൾ തിരുനെൽവേലിയിൽ ഉണ്ടായിരുന്ന ഗാന്ധിജിയെ കാണാൻ സി. കുട്ടൻനായർ പോയി. സഞ്ചാരസ്വാതന്ത്ര്യത്തിനായി ഒരു സിവിൽ നിയമലംഘനപ്രസ്ഥാനം ആരംഭിക്കാനുള്ള സഹായം നൽകണമെന്ന് അഭ്യർത്ഥിക്കാനാണ് കുട്ടൻനായർ ഗാന്ധിജിയെ സന്ദർശിച്ചത്. ആ ദൗത്യം വിജയകരമായി നിർവ്വഹിച്ച് ഗാന്ധിജിയിൽ നിന്നും രേഖാമൂലം എഴുതി വാങ്ങുകയും ചെയ്തു. ഇതിലേക്കായി ഗാന്ധിജി തിരുവാർപ്പ് സന്ദർശിക്കുന്നതാണെന്ന് പ്രഖ്യാപിച്ചു. ഗാന്ധിജിയുടെ മീറ്റിംങിനായി ടി. കെ. ക്ഷേത്രത്തിന്റെ പടിഞ്ഞാറെ നടയിലെ സർക്കാർ പുറമ്പോക്ക് നൽകണമെന്ന് പോലീസിലേക്ക് അപേക്ഷ നൽകി. ഇതിനു മറുപടിയെന്നോണം ക്ഷേത്രത്തിന്റെ ഒരു മൈൽ ചുറ്റളവിൽ അവർണ്ണർക്ക് പ്രവേശനം നിഷേധിച്ചുകൊണ്ട് ഉത്തരവിറക്കുകയാണ് സർക്കാർ ചെയ്തത്.

എസ്.എൻ.ഡി.പി. യോഗത്തിന്റെ സംഘടനാ സെക്രട്ടറി എന്ന ഭാരിച്ച ജോലി നടത്തിയ ടി.കെ.യുടെ ആരോഗ്യനില വഷളാക്കിക്കൊണ്ടിരുന്നു. തന്റെ അനാരോഗ്യം വകവയ്ക്കാതെ സമരരംഗത്ത് ജനങ്ങളോടൊപ്പം വീറോടെ നിന്നുപൊരുതിയ ടി.കെ.യ്ക്ക് തിരുവാർപ്പിലെ സംഭവ പരമ്പരകൾ താങ്ങാനാവുന്നതിലും അപ്പുറമായിരുന്നു. അനധികൃതമായി കെട്ടിക്കൊണ്ടിരുന്ന മതിലിന്റെ ഫോട്ടോയെടുക്കുന്നതിനായി ഫോട്ടോഗ്രാഫറുമായി എത്തിയ ടി. കെ. മാധവൻ, സി. കുട്ടൻനായർ, സി. കെ. കുഞ്ഞുകൃഷ്ണൻ, വി.ആർ. നാണു , കിട്ടൻ റൈറ്റർ എന്നിവരെ സവർണ്ണ ഗുണ്ടാസംഘം ആക്രമിച്ചു. സി. കുട്ടൻനായർക്ക് തലപൊട്ടി സാരമായ പരിക്കുകൾ ഏൽക്കുകയും അദ്ദേഹം ബോധംകെട്ട് റോഡിൽ വീഴുകയും ചെയ്തു. ടി.കെ.യ്ക്ക് പുറത്താണ് മർദ്ദനമേറ്റത്. ഇതുകണ്ടുനിന്ന ജനം ആക്രോശിച്ചുകൊണ്ട് മുന്നോട്ടാഞ്ഞു. സംഘർഷം വഷളാകാതിരിക്കാൻ ടി. കെ. റോഡിൽ കുറുകെ കിടന്ന് ജനം മുന്നോട്ട് പോകുന്നത് തടഞ്ഞു. ടി.കെ.മർദ്ദനമേറ്റ വിവരം കേട്ടറിഞ്ഞ് തൊട്ടടുത്ത കുമരകം വേളൂർ, കാരാപ്പുഴ., കോട്ടയം, ചെങ്ങളം തുടങ്ങിയ സ്ഥലങ്ങളിൽ നിന്നും ജനങ്ങൾ സൈക്കിളിലും ഓടി കിതച്ചും, വള്ളത്തിലും ചേറിലൂടെ പുതഞ്ഞും തിരുവാർപ്പിലേക്ക് ഓടിക്കൂടി വന്നുകൊണ്ടിരുന്ന കാഴ്ച ആരേയും ആവേശംകൊള്ളിക്കുന്നതായിരുന്നു. പകരം ചോദിക്കാതെ പോകാൻ അവർ തയ്യാറല്ലായിരുന്നു. ഇവരെ നിയന്ത്രിക്കാൻ മാധവനും കുട്ടൻനായരുമൊക്കെ ചെയ്ത പ്രയത്നം വർണനാതീതമായിരുന്നു. അവിടെ കൂടിയ പതിനായിരക്കണക്കിന് ജനങ്ങളെ ടി.കെ.യും കുട്ടൻനായരും വികാരസ്പർശിയായ പ്രസംഗങ്ങളിലൂടെയാണ് ശാന്തരാക്കിയത്. എന്നിട്ടും കലിയടങ്ങാതെ ജനം അവിടെ കൂട്ടംകൂടിനിന്നു. ഗുണ്ടാസംഘം ജീവനുംകൊണ്ട് സ്ഥലംവിട്ടു. ജനക്കൂട്ടത്തെ ശാന്തരാക്കി ഒരു വലിയ ദുരന്തം ഒഴിവാക്കിയതിന് ടി.കെ.മാധവനേയും കുട്ടൻ നായരേയും അധികാരികൾ മുക്തകണ്ഠം പ്രശംസിച്ചു. തുടർന്ന് ആലപ്പുഴയിൽ എത്തിയ ഗാന്ധിജിയെ മാധവനും കുട്ടൻനായരും ഒരു ഡെപ്യൂട്ടേഷനായി ചെന്ന് കണ്ട് വിശദമായ ചർച്ചകൾ നടത്തി. വൈക്കം സത്യാഗ്രഹത്തിന് രണ്ടു വർഷത്തിനുശേഷവും തിരുവിതാംകൂറിൽ സഞ്ചാരസ്വാതന്ത്ര്യത്തിനുവേണ്ടി നിരന്തര സമരങ്ങൾ നടത്തേണ്ടിവരുന്ന അവസ്ഥ അദ്ദേഹത്തെ ബോദ്ധ്യപ്പെടുത്തി. ഗാന്ധിജി മാധവനെ തന്റെ സബർമതി ആശ്രമത്തിലേക്കു ക്ഷണിക്കുകയും അദ്ദേഹം സബർമതി സന്ദർശിക്കുകയും ഉണ്ടായി. തുടർന്ന് തിരുവിതാംകൂർ ഗവൺമെന്റുമായി നടത്തിയ നിരന്തരം എഴുത്തുകുത്തുകൾക്ക് ശേഷമാണ് എല്ലാ പൊതുനിരത്തുകളും എല്ലാ വിഭാഗം ജനങ്ങൾക്കുമായി തുറന്നുകൊടുത്തുകൊണ്ടും സർക്കാർ ഉത്തരവിറക്കിയത്.

നവകേരള സൃഷ്ടിക്കായി തിരുവാർപ്പ് സമരവും അതുപോലെ നിരവധി സമരങ്ങളും നടന്നിട്ടുണ്ട്. നിരവധി മഹത്തുക്കൾ ജീവത്യാഗം ചെയ്തിട്ടുണ്ട്. പക്ഷെ ആദ്യം സൂചിപ്പിച്ചപോലെ ഈ സമരപരമ്പരകൾക്ക് വേണ്ടത്ര പ്രാധാന്യം കിട്ടിയിട്ടില്ല. ഇത് ഇന്ന് നാം കാണുന്നതുപോലെ അത്രയും ലളിതവുമല്ല. പ്രമുഖ സാഹിത്യ ചരിത്രകാരനായിരുന്ന പി.കെ. ബാലകൃഷ്ണന്റെ വാക്കുകൾ ഉദ്ധരിച്ചുകൊണ്ട് ഈ ലേഖനം ഉപസംഹരിക്കട്ടെ.

"പഴക്കം ചെന്ന സാമൂഹ്യസംവിധാനങ്ങൾ, മുണ്ടിനു ചായംമുക്കി മാറ്റുന്നതിനോടൊപ്പം മാറുന്ന പിള്ളേർകളിയല്ല." എന്നിട്ടാണ് ആയിരത്തി അഞ്ഞൂറിൽ അധികം കൊല്ലക്കാലം ഇവിടെ പരമദിവ്യമായി നിലനിന്ന ഒരു മതസാമൂഹ്യഘടനഒരു സുപ്രഭാതത്തിൽ നിശേഷം മാറിപ്പോയി എന്നു നാം വിശ്വസിക്കുന്നത്. ഈ വിശ്വാസം തെറ്റാണ്. അതു തെറ്റാണ് എന്നു മനസ്സിലാക്കാൻ കഴിയാത്തത് നമ്മിൽ ചിലരുടെ ശുദ്ധഗതിയും മറ്റു ചിലരുടെ കള്ളത്തരവുമാണ്.